ഫയൽ നം : ജി5/12/2023-റ്റിസി | തിയതി : 23-02-2024

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം.3/2024**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - വീട്ടും, മറ്റ് വിലപിടിപ്പുള്ള വസ്തുവകകളും സ്ഥാവര/ജംഗമ വസ്തുക്കളും വാങ്ങുന്നതിനും വിൽക്കുന്നതിനും മുൻകൂർ അനുമതി തേടാത്ത ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിയ്ക്കുന്നത് സംബന്ധിച്ച്.

സൂചന :- 12/12/2022 തിയതിയിലെ സർക്കുലർ 10/ 2022

സ്ഥാവര/ജംഗമ സ്വത്തുക്കൾ വാങ്ങുവാനോ, വിൽക്കുവാനോ അല്ലെങ്കിൽ മറ്റു വിധത്തിൽ കയ്യൊഴിയുവാനോ ഉദ്ദേശിയ്ക്കുന്ന ഏതൊരു സർക്കാർ ജീവനക്കാരനും, തന്റെ ആ ഉദ്ദേശം സർക്കാരിനോട് പ്രസ്താവിക്കേണ്ടതാണെന്ന് കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ ചട്ടം 24-ലും യാതൊരു സർക്കാർ ജീവനക്കാരനും, ഉത്തമവിശ്വാസത്തിൽ താമസാവശ്യത്തിനല്ലാതെ, ഇന്ത്യയിലൊരിടത്തും, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ, ഏതെങ്കിലും സ്ഥാവര വസ്തു വിലയ്ക്ക് വാങ്ങലിലൂടെയോ ദാനം മുഖേനയോ ആർജ്ജിയ്ക്കുവാൻ പാടില്ലാത്തതാണെന്നും ചട്ടം 26-ലും നിഷ്കർഷിയ്ക്കുന്നുണ്ട്. ഇത്തരത്തിൽ അനുമതി ലഭിക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷയും, സാമ്പത്തിക സ്രോതസ്സ് സാധൂകരിക്കുന്നതിനുള്ള രേഖകളും സമർപ്പിക്കേണ്ടതാണെന്ന് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. മേൽ നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്. ആയതിന് വിരുദ്ധമായി വകുപ്പിലെ ചില ഉദ്യോഗസ്ഥർ അനുമതി ലഭിയ്ക്കുന്നതിന് മുൻപായി സ്ഥാവര/ ജംഗമ സ്വത്തുകൾ വാങ്ങുകയും, വിൽക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാവര/ ജംഗമ സ്വത്തുക്കൾ വാങ്ങുകയും, വിൽക്കുകയും ചെയ്യുന്നതിനു മുൻകൂർ അനുമതി വാങ്ങിയ്ക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിയ്ക്കുന്നതാണ് .

Signed by
Lali K
Date: 23-02-2024 15:18:58

LALI K
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ് :-

1) എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2) എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
3) എല്ലാഎൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
4) എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
5) ട്രാൻസ്പോർട്ട് കമ്മീഷണർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ& സെക്രട്ടറി എസ്.റ്റി.എ, സീനിയർ

I/184132/2024

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ(ടാക്സേഷൻ), സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ ലാ ഓഫീസർ , അസിസ്റ്റൻഡ് ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവരുടെ സി.എ മാർക്കും, അസിസ്റ്റൻഡ് സെക്രട്ടറി, എസ്.റ്റി.എ യ്ക്കും, അക്കൌണ്ട്സ് ഓഫീസറിനും, നോഡൽ ഓഫീസർ എസ്.എസ്.ജിയ്ക്കും, എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും